(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതേ വരെ ഇലക്ട്രിസിറ്റി ബോർഡ് എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുകയുണ്ടായി;

(ബി) നിരക്ക് വർദ്ധനവ് വഴി 2001 മുതൽ ഓരോ വർഷവും ബോർഡിന് അധിക വരുമാനമായി ലഭിച്ച തുക എത്ര കോടി രൂപ വീതമാണെന്ന് വിശദമാക്കാമോ; നിരക്ക് വർദ്ധിപ്പിച്ച നടപടി തെറ്റായിരുന്നുവെന്ന് ഇപ്പോൾ സർക്കാരിന് ബോധ്യമായിട്ടുണ്ടോ;

(സി) റഗുലേറ്ററി കമ്മീഷൻ ഇപ്പോൾ വൈദ്യുതി നിരക്കിൽമാറ്റം വരുത്തുകയുണ്ടായോ; എങ്കിൽ എന്നു മുതൽ; നിരക്കിൽ മാറ്റം വരുത്തിയതുവഴി ബോർഡിന്റെ വരുമാനത്തിൽ കുറവു വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇപ്പോഴത്തെ തീരുമാന പ്രകാരമുള്ള നിരക്കിന് ഏതു തീയതി വരെ പ്രാബല്യമുണ്ട്; ആ തീയതി വരെ മൊത്തം എന്തു തുക വരുമാനത്തിൽ കുറവുണ്ടാകുമെന്നാണ് ബോർഡ് കരുതുന്നത്;

(ഡി) ബോർഡ് റഗുലേറ്ററി കമ്മീഷന് അടുത്ത വർഷത്തെ വരുമാനവും ചെലവും സംബന്ധിച്ച് നൽകിയ റിപ്പോർട്ട് പ്രകാരം പ്രതീക്ഷിക്കുന്ന കമ്മി എത്ര കോടി രൂപയാണ്?

ഉത്തരം

(എ) രണ്ടു പ്രാവശ്യം.

(ബി) നിരക്കു വർദ്ധനവുമൂലം 2001-02-ൽ 472.71 കോടി രൂപയും 2002-03-ൽ 495.66 കോടി രൂപയും അധികവരുമാനമായി ബോർഡിനു ലഭിച്ചു. അന്നത്തെ സാഹചര്യത്തിൽ നിരക്കു വർദ്ധനവ് അനിവാര്യമായിരുന്നു.

(സി) LT-I (a) ഗാർഹികം, LT-VII (A) & (B) വാണിജ്യം എന്നീ വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ യൂണിറ്റൊന്നിന് 20 പൈസയുടെ ഇളവ് 1-1-2006 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇത് റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെയാണ്. ഇതിന്റെ ഫലമായി ബോർഡിന്റെ വരുമാനത്തിൽ പ്രതിമാസം 10 കോടി രൂപയുടെ കുറവു വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിന്റെ പ്രാബല്യം നിജപ്പെടുത്തിയിട്ടില്ല.

(ഡി) റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച എ. ആർ. ആർ.-ഉം ഇ. ആർ. സി.-യും പ്രകാരം അടുത്ത വർഷം (2006-07) പ്രതീക്ഷിക്കുന്ന കമ്മി 302 കോടി രൂപയാണ്.

നെൽകർഷകർക്ക് വൈദ്യുതി സൗജന്യം

85 [398] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് നെൽക്കർഷകർക്ക് നൽകി വരുന്ന വൈദ്യുതി സൗജന്യം എന്തൊക്കെയാണ്;

(ബി) കരയിൽ കൃഷി ചെയ്യുന്ന കർഷകർക്കും ഇത്തരം സൗജന്യം നൽകുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-8-1995 മുതൽ സംസ്ഥാനത്ത് നെൽകർഷകർക്ക് കൃഷി ഭൂമി പരിധിയില്ലാതെ വൈദ്യുതി സൗജന്യം ബാധകമാക്കിയിട്ടുണ്ട്.

(ബി) & (സി) രണ്ട് ഹെക്ടർ വരെയുള്ള മറ്റെല്ലാ കാർഷിക വിളകൾക്കും വൈദ്യുതി സൗജന്യം ബാധകമാക്കിയിട്ടുണ്ട്.

റോഡപകടങ്ങൾ തടയാൻ നടപടി

86 [399] ശ്രീ. ബിഃനായ് വിശ്വം:

.. മാങ്കോട് രാധാകൃഷ്ണൻ:

.. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോടികൾ മുടക്കി നടപ്പാക്കുന്ന റോഡുവികസന പദ്ധതികൾ അശാസ്ത്രീയവും ദീർഘ വീക്ഷണവുമില്ലാത്തതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെട്ടതിനു ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസഥാനത്ത് റോഡപകടങ്ങൾ തടയുന്നതിന് മരാമത്ത് വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ നടപടികൾ മൂലം സംസ്ഥാനത്ത് റോഡപകടങ്ങൾ തടയുന്നതിന് സാധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. വാഹനപ്പെരുപ്പം, റോഡുകളുടെ അപര്യാപ്തത, അശ്രദ്ധമായ ഡ്രൈവിംഗ് ഇവ മൂലമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുവാൻ റോഡ് സുരക്ഷാ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് സെക്രട്ടറി, ഐ. ജി. ഓഫ് പോലീസ് (ട്രാഫിക്), ചീഫ് എഞ്ചിനീയർ റോഡ്സ്, ചീഫ് എഞ്ചിനീയർ എൻ. എച്ച്, ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവർ അംഗങ്ങളാണ്. റോഡ് സുരക്ഷ ഉറപ്പാക്കുവാൻ ഇതിനകം പലതവണ മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്. ദേശീയ

LIBRARY ARCHIVES Kerala Legislative Assembly